**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** | **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊന്നാനി നിള സംഗ്രഹാലയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊന്നാനിയുടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നിളയോരപാതയിൽ സ്ഥിതി ചെയ്യുന്ന നിള സംഗ്രഹാലയം പ്രോജക്റ്റ് പൂർത്തീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | പൊന്നാനിയുടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നിളയോര പാതയിൽ ചമ്രവട്ടം നിള ഹെറിറ്റേജ് മ്യൂസിയം എന്ന ടൂറിസം പദ്ധതിയാണ് നിലവിലുള്ളത്. ടി പദ്ധതിയിൽ ഇനിയും 10 ഘടകങ്ങൾക്ക്/പ്രവർത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുവാനുണ്ട്. ഈ പദ്ധതിയുടെ 40% പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി ഉടൻ നടപടി സ്വീകരിക്കുവാനും അതോടൊപ്പം പദ്ധതിയുടെ പൂർത്തീകരണത്തിനായി ഇനിയും കൂടുതലായുള്ള പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പദ്ധതി നിർവ്വഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതിയുടെ ലാൻഡ് സ്കേപ്പിംഗ് ഉൾപ്പെട്ട പ്രവർത്തികൾക്കായുള്ള സ്ഥലത്തിനു നിരാക്ഷേപ പത്രികയും, ഉപയോഗാനുമതിയും ലഭ്യമാക്കുന്നതിനായി ചമ്രവട്ടം ഇറിഗേഷൻ പ്രോജക്ട് ഡിവിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇ ലഭ്യമായാൽ മാത്രമേ പദ്ധതിയുടെ മേൽ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | വിനോദസഞ്ചാര വകുപ്പ് പദ്ധതി തയ്യാറാക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുള്ള നിളയോരപാത സൗന്ദര്യവത്കരണ പദ്ധതി പൂർത്തീകരണത്തിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ